പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 1815 21.01.2014 - ൽ മറുപടിക്ക്

## വീ - കെയർ പദ്ധതി

ചോദ്യം

ശ്രീ. രാജു എബ്രഹാം

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വീ - കെയർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തൊക്കെ യെന്നു വിശദമാക്കുമോ ; | (എ) | സാമ്പത്തികവും, സാമൂഹ്യവുമായ മാറ്റങ്ങൾ മൂലം സാമൂഹ്യ സുരക്ഷ ആവശ്യമുള്ള അശരണരും ആലംബഹീനരുമായവർക്ക് സർക്കാരും, പൊതു സമൂഹവും ചേർന്ന് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വേണ്ടി സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന സംരഭമാണ് 'വീ കെയർ ' |
| (ബി) | ഇതിനായി ഒരു വർഷം എത്ര രൂപയാണ ചെലവഴിക്കുന്നത് ; ഈ തുക കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണ സ്വീകരിച്ചിട്ടുള്ളത് ; | (ബി) യും (സി) യും | കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വിവിധ ക്ഷേമ പദ്ധതികൾക്ക് ഫണ്ട് കണ്ടെത്താനും സമൂഹത്തിൽ അവശതയനുഭവിക്കുന്നവർക്കായി പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കുന്നതിനുമുള്ള ഒരു പ്ലാറ്റ്ഫോം ആണ് വീ കെയർ . ആയതിന്റെ മാനദണ്ഡങ്ങൾ പരിശോധിച്ച വരുന്നു. |
| (സി) | പദ്ധതിയിലെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണ് ; | | |
| (ഡി) | ഇതിന്റെ ചുമതല ആർക്കാണ് ; ഇതു സംബന്ധിച്ചുള്ള അപേക്ഷകൾ എവിടെയൊക്കെയാണ ലഭിക്കുന്നത് ; അപേക്ഷകൾ സ്വീകരിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയൊക്കെ ; അപേക്ഷാ മാതൃകയടക്കം വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് ഇതിന്റെ നടത്തിപ്പ് ചുമതല. ഇതൊരു പ്രത്യേക ധനസഹായ പദ്ധതി അല്ലാത്തതിനാൽ നിലവിൽ അപേക്ഷാഫാറം ഇല്ല. |

സെക്ഷൻ ഓഫീസർ